


# 15,000 പേർക്ക് വരുമാനമാർഗ്ഗം ഉറപ്പാക്കൽ, അതിജീവനം ക്യാമ്പെയ്ന് തുടക്കം

സർക്കാർ പ്രഖ്യാപിച്ച 100 ദിവസങ്ങൾ 100 പദ്ധതികളുടെ ഭാഗമായി 100 ദിനം കൊണ്ട് 50,000 പേർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന പദ്ധതിയിൽ കുടുംബശ്രീ മുഖേന 15,000 പേർക്ക് വരുമാനമാർഗ്ഗം തുറന്ന് കൊടുക്കാൻ ലക്ഷ്യമിടുന്നതിനെക്കുറിച്ച് Making an Impact 358ൽ എഴുതിയിരുന്നുവല്ലോ. 100 ദിനം കൊണ്ട് 15,000 തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി ഞങ്ങൾ നടത്തുന്ന പ്രവർത്തനങ്ങളിലൊന്നാണ് അതിജീവനം ക്യാമ്പെയ്ൻ. പ്രാദേശികമായി എല്ലാ തദ്ദേശ സ്ഥാപനത്തിലും കുറഞ്ഞത് അഞ്ച് പേർക്ക് തൊഴിൽ ലഭ്യമാക്കാൻ ലക്ഷ്യമിട്ടുള്ള സർക്കാരിന്റെ ലീപ് (ലോക്കൽ എംപ്ലോയ്മെന്റ് അഷ്വറൻസ് പ്രോഗ്രാം) പദ്ധതിയുടെ ഭാഗമായാണ് ഈ ക്യാമ്പെയ്ൻ സംഘടിപ്പിച്ചിരിക്കുന്നത്. സെപ്റ്റംബർ 25ന് ആരംഭിച്ച ഈ പ്രത്യേക അയൽക്കൂട്ടതല ക്യാമ്പെയ്ൻ ഒക്ടോബർ 15 വരെ നീളും.

അതിജീവനം ക്യാമ്പെയ്ൻ മുഖേന തൊഴിൽ നേടാൻ താത്പര്യമുള്ളവരെ കണ്ടെത്തുകയും അവർക്ക് കുടുംബശ്രീയുടെ വിവിധ പദ്ധതികൾ വഴി പരിശീലനം നൽകുകയും കാർഷികേതര മേഖലയിൽ സ്വയംതൊഴിൽ, വേതനാധിഷ്ഠിത തൊഴിൽ അവസരങ്ങൾ ഒരുക്കിക്കൊടുക്കുകയുമാണ് ചെയ്യുക. കുടുംബശ്രീ സിഡിഎസുകളുടെ (കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റി- അയൽക്കൂട്ടങ്ങളുടെ പഞ്ചായത്തുതല ഫെഡറേഷൻ) നേതൃത്വത്തിലാണ് അയൽക്കൂട്ടതലത്തിലുള്ള ഈ ക്യാമ്പെയ്ൻ നടത്തുന്നത്.

ലീപ് പദ്ധതി, കുടുംബശ്രീയുടെ വിവിധ ഉപജീവന പദ്ധതികൾ എന്നിവയെക്കുറിച്ചുള്ള പരിശീലന ക്ലാസ്സുകൾ കുടുംബശ്രീയുടെ മൈക്രോഎന്റർപ്രൈസ് കൺസൾട്ടന്റുമാർ

(എംഇസി) മുഖേന അയൽക്കൂട്ടങ്ങളിലെ സൂക്ഷ്മ സംരംഭ കൺവീനർമാർ, എഡിഎസ് മെമ്പർമാർ, റിസോഴ്സ് പേഴ്സൺമാർ എന്നിവർക്ക് നൽകുന്നു. ഇതിന് ശേഷം ഈ വിവരങ്ങൾ അയൽക്കൂട്ടയോഗങ്ങളിൽ സൂക്ഷ്മ സംരംഭ കൺവീനർമാർ, എഡിഎസ് മെമ്പർമാർ, റിസോഴ്സ് പേഴ്സൺമാർ എന്നിങ്ങനെ ഉത്തരവാദിത്തപ്പെട്ടവരാരെങ്കിലും വിശദമാക്കുന്നു. തൊഴിൽ നേടാൻ താത്പര്യമുള്ളവർ, സംരംഭങ്ങൾ ആരംഭിക്കാൻ താത്പര്യമുള്ളവർ, പരിശീലനങ്ങൾ നേടാൻ താത്പര്യമുള്ളവർ എന്നിവരുടെ വിശദാംശങ്ങൾ അയൽക്കൂട്ടങ്ങളിൽ നിന്ന് ശേഖരിക്കുന്നതിനായി പ്രത്യേകമായി തയാറാക്കിയ ഗൂഗിൾ ഫോമും എല്ലാ അയൽക്കൂട്ടാംഗങ്ങൾക്കും അയച്ചു നൽകുന്നു. ഇതിന് താത്പര്യമുള്ള കുടുംബശ്രീ അംഗങ്ങൾക്കോ അവരുടെ കുടുംബാംഗങ്ങൾക്കോ മൊബൈൽ ഫോൺ വഴി ഓൺലൈനായി രജിസ്ട്രേഷൻ നടത്താനും കഴിയും. രണ്ടാഴ്ച്ചയിലേറെ നീളുന്ന ഈ ക്യാമ്പെയ്ൻ മുഖേന അയൽക്കൂട്ടങ്ങളിൽ നിന്ന് തൊഴിൽ നേടാൻ താത്പര്യമുള്ളവരുടെ വിശദാംശങ്ങൾ സിഡിഎസുകൾ ശേഖരിക്കുകയും ഇത് ജില്ലകൾക്കും പിന്നീട് സംസ്ഥാനതലത്തിലേക്കും ലഭ്യമാക്കുകയും ചെയ്യുന്നു.

ഇങ്ങനെ താത്പര്യം അറിയിച്ചവർക്ക് ഞങ്ങളുടെ വിവിധ പദ്ധതികൾ മുഖേന പരിശീലനങ്ങൾ നൽകി സംരംഭങ്ങൾ ആരംഭിക്കാനോ വേതനാധിഷ്ഠിത തൊഴിൽ നേടാനോ പ്രാദേശിക തൊഴിലുകൾ ലഭ്യമാക്കാനോ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ കുടുംബശ്രീ നടപ്പിലാക്കും. ഇതുവരെ 9500 പേർ രജിസ്റ്റർ ചെയ്തു കഴിഞ്ഞു.

**നാളെ ഓൺലൈൻ സംവാദവും**

അതിജീവനം ക്യാമ്പെയ്ന്റെ ഭാഗമായി കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർമാർ, സിഡിഎസ് ചെയർപേഴ്സൺമാർ, അക്കൗണ്ടന്റുമാർ എന്നിവരുമായി ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ശ്രീ. എ.സി. മൊയ്തീനും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പ് മന്ത്രി ഡോ. തോമസ് ഐസക്കും ഓൺലൈനായി നാളെ സംവദിക്കും. സൂം, ഫേസ്ബുക്ക്, യൂട്യൂബ് എന്നീ ഓൺലൈൻ സങ്കേതങ്ങൾ വഴി ഈ സംവാദ പരിപാടിയിൽ തത്സമയം പങ്കെടുക്കാനാകും.